# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കം; ഫിജി, ന്യൂസിലാൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങൾ രാഷ്ട്രപതി സന്ദർശിക്കും

   **President Draupadi Murmu's three-nation visit begins; The President will visit Fiji, New Zealand and Timor Leste.**

2. വയനാട് ഉരുൾപ്പൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് കാണാതായവർക്കായുള്ള തെരച്ചിൽ ഏഴാം ദിവസത്തിലേക്ക്.

   **The search operations for the missing persons in Mundakai and Churalmala in landslide-hit Wayanad enter seventh day.**

3. കര നാവിക വ്യോമ സേനകളുടെ സംയുക്ത സാമ്പത്തിക സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും; സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ അധ്യക്ഷത വഹിക്കും.

   **Chief of Defence Staff, General Anil Chauhan to chair an apex level Tri-Service Financial Conference in New Delhi today.**

4. പാരിസ് ഒളിമ്പിക്സിലെ ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ വെങ്കല മെഡൽ പോരാട്ടത്തിനായി ഇന്നിറങ്ങും.

   **India's Lakshya Sen will compete for the bronze medal in men's singles badminton at the Paris Olympics today.**

5. **വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ ബംഗ്ലാദേശിൽ കർഫ്യൂ തുടരുന്നു; ഇന്ത്യക്കാർ ജാഗ്രത പുലർത്തണമെന്നും കൂടുതൽ അറിയിപ്പ് ഉണ്ടാകുന്നത് വരെ ബംഗ്ലാദേശിലേക്ക് യാത്ര ചെയ്യരുതെന്നും വിദേശകാര്യ മന്ത്രാലയം.**

**Curfew continues in Bangladesh amid student protests; Ministry of External Affairs advises Indians to be cautious and not travel to Bangladesh until further notice.**

**&&&&&&&&&&&&&&&&**

## PREZ- VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കം. ഫിജി, ന്യൂസിലാൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. ആദ്യം ഫിജിയിലെത്തുന്ന രാഷ്ട്രപതി തലസ്ഥാന നഗരിയായ സുവയിൽ ഉഭയകക്ഷി ചർച്ചയിൽ പങ്കെടുക്കും. ഫിജിയൻ പാർലമെന്റിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. തുടർന്ന് ന്യൂസിലാൻഡിലെത്തുന്ന രാഷ്ട്രപതി വിവിധ യോഗങ്ങളിൽ പങ്കെടുക്കും. വെല്ലിംഗ്ടണിൽ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെയും ശ്രീമതി മുർമു അഭിസംബോധന ചെയ്യും. ഓക് ലൻഡിൽ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ തിമോർ ലെസ്റ്റെയിൽ എത്തുന്ന രാഷ്ട്രപതി തലസ്ഥാന നഗരമായ ഡിലിയിൽ ഉഭയകക്ഷി യോഗങ്ങൾ നടത്തും. തിമോറിലെ ഇന്ത്യൻ സമൂഹവുമായും ശ്രീമതി ദ്രൗപദി മുർമു സംവദിക്കും.

**&&&&&&&&&&&&&&&&**

## PM - GAS PRODUCTION

വികസിത ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഊർജമേഖലയിലെ സ്വയംപര്യാപ്തത വളരെ അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വാതക ഉൽപ്പാദന രംഗത്ത് 2023-24

ൽ രാജ്യത്തിന് റെക്കോർഡ് നേട്ടമാണുണ്ടായതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. 2020-21 ൽ 28.7 ബിസിഎം ആയിരുന്ന വാതക ഉൽപ്പാദനം 2023-24 ൽ 36.43 ബിസിഎം ആയി ഉയർന്നു. 2026 ൽ ഇത് 45.3 ബിസിഎം ആകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

## PARLIAMENT TODAY

നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയ ഗ്രാന്റുകൾ സംബന്ധിച്ച് ഇന്ന് ലോക്സഭയിൽ ചർച്ച നടക്കും. ഗോവ സംസ്ഥാന ബിൽ, അസംബ്ലി മണ്ഡലങ്ങളിൽ പട്ടികവർഗ പ്രാതിനിധ്യത്തിൻ്റെ പുനഃക്രമീകരണം തുടങ്ങിയവയും ലോക്സഭയിൽ അവതരിപ്പിച്ചേക്കും. എണ്ണപ്പാടങ്ങൾ സംബന്ധിച്ച ഭേദഗതി ബിൽ, കൃഷി മന്ത്രാലയത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾ എന്നിവ രാജ്യസഭയിൽ നടക്കും.

&&&&&&&&&&&&&&&&

## WAYANAD – GENERAL

വയനാട് ഉരുൾപ്പൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് കാണാതായവർക്കായുള്ള തെരച്ചിൽ ഏഴാം ദിവസത്തിലേയ്ക്ക്. ഇന്നു മുതൽ ചാലിയാറിന്റെ ഭാഗങ്ങൾ കേന്ദ്രീകരിച്ച് തെരച്ചിൽ ഊർജ്ജിതമാക്കും. ഇന്നലെ നടത്തിയ തെരച്ചിലിൽ ചാലിയാർ പുഴയുടെ തീരത്ത് നിന്ന് ഒരു മൃതദേഹം കണ്ടെത്തി. തിരിച്ചറിയാത്ത 8 മൃതദേഹങ്ങൾ മേപ്പാടി പുത്തുമലയിൽ ഇന്നലെ സംസ്കരിച്ചു. ദുരന്തനിവാരണ നിയമമനുസരിച്ച് ഹാരിസൺ മലയാളം പ്ലാന്റേഷനിൽ കണ്ടെത്തിയ 64 സെന്റ് സ്ഥലത്ത് സർവ്വമത പ്രാർത്ഥനയോടെയായിരുന്നു സംസ്കാരം.

&&&&&&&&&&&&&&&&

## WAYANAD DNA

വയനാട് ദുരന്ത മേഖലയിലെ തെരച്ചിലിൽ കണ്ടെത്തിയ മൃതദേഹങ്ങൾ തിരിച്ചറിയുന്നതിനുള്ള ശാസ്ത്രീയ പരിശോധനയ്ക്കായി ബന്ധുക്കളുടെ രക്തസാമ്പിൾ ശേഖരിച്ചു തുടങ്ങി. ദുരിതാശ്വാസ ക്യാമ്പുകളിലുള്ള ബന്ധുക്കളിൽ രക്ത പരിശോധനയ്ക്ക് തയ്യാറായിട്ടുള്ളവർക്ക് കൗൺസിലിങ് നൽകിയ ശേഷമാണ് സാമ്പിൾ ശേഖരിക്കുന്നത്. അതേസമയം, ദുരിതബാധിതരുടെ പുനരധിവാസത്തിന് മാതൃകാ പദ്ധതി തയാറാക്കുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. എല്ലാവരുടെയും പിന്തുണയോടെ സുരക്ഷിതമായ ടൗൺഷിപ്പ് രൂപത്തിലുള്ള പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ദുരന്തത്തിനിരയായി മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ വളർത്താൻ അപേക്ഷ സ്വീകരിക്കുന്നുണ്ടെന്നുൾപ്പെടെ സമൂഹമാധ്യമങ്ങളിലും മറ്റും വ്യാജ പ്രചരണം നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർദേശം നൽകി.

&&&&&&&&&&&&&&&&

## GEORGE KURIAN - PM

പ്രധാനമന്ത്രി നരേന്ദ്രമോദിയെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സന്ദർശിച്ചു. വയനാട്ടിൽ കേന്ദ്ര ഏജൻസികൾ നടത്തിയ ദുരിതാശ്വാസ-രക്ഷാ പ്രവർത്തനങ്ങൾ സംബന്ധിച്ച് കേന്ദ്രമന്ത്രി, പ്രധാനമന്ത്രിയോട് വിശദീകരിച്ചു.

&&&&&&&&&&&&&&&&

## WAYANAD- SCHOOL

വയനാട്ടിലെ വിദ്യാഭാസ സ്ഥാപനങ്ങൾ ഇന്ന് മുതൽ തുറന്ന് പ്രവർത്തിക്കും. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കാത്ത സ്കൂളുകളിലാണ് ഇന്ന് മുതൽ അധ്യയനം ആരംഭിക്കുന്നത്.

&&&&&&&&&&&&&&&&

## WAYANAD RESTRICTION

ബെയ്‌ലി പാലം കടന്ന് ചൂരൽമലയിലേക്കും മുണ്ടക്കൈയിലേക്കുമുള്ള പ്രവേശനം നിയന്ത്രിക്കുമെന്ന് റവന്യൂ മന്ത്രി കെ. രാജൻ. ഇന്ന് മുതൽ രാവിലെ ആറ് മുതൽ ഒമ്പത് വരെ ബെയ്‌ലി പാലത്തിലൂടെ 1500 പേരെ മാത്രമേ ഒരു ദിവസം കടത്തിവിടൂ. കൂടുതൽ ആളുകൾ വരുന്നത് തെരച്ചിലിനും സന്നദ്ധ പ്രവർത്തനത്തിനും മറ്റും ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിലാണിത്.

&&&&&&&&&&&&&&&&

## ARJUN- CM -KARNATAKA

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തെരച്ചിൽ പുനരാരംഭിക്കുന്നതിന് ഇടപെടണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ, കർണ്ണാടക മുഖ്യമന്ത്രിയ്ക്ക് കത്തയച്ചു. ഇന്നലെ തെരച്ചിൽ പുനരാരംഭിക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും തെരച്ചിൽ നടക്കാത്ത സാഹചര്യത്തിലാണ് മുഖ്യമന്ത്രി കത്തയച്ചത്. അർജുന്റെ കുടുംബാംഗങ്ങളുടെ ഉത്കണ്ഠയും ദുഃഖവും കർണാടക മുഖ്യമന്ത്രിയെ അറിയിച്ചതായി ശ്രീ പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## CDS-CONFERENCE

കര നാവിക വ്യോമ സേനകളുടെ സംയുക്ത സാമ്പത്തിക സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. സായുധ സേനകളിലെ ഏകീരണവും സഹകരണവും ലക്ഷ്യമിട്ടുള്ളതാണ് സമ്മേളനം. പ്രതിരോധ മേഖലയിലെ പങ്കാളികളുടെ കാഴ്ചപ്പാടുകൾ മനസിലാക്കുക, പ്രതിരോധ സംഭരണത്തിൽ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം

കണ്ടെത്തുക തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

**&&&&&&&&&&&&&&&&**

## BANGLADESH-CURFEW

വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ ബംഗ്ലാദേശിൽ കർഫ്യൂ തുടരുന്നു. അനുനയ ചർച്ചയ്ക്കുള്ള സർക്കാരിന്റെ ക്ഷണം നിരസിച്ച പ്രതിഷേധക്കാർ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്മാർക്ക് എംബസി ജാഗ്രതാ നിർദേശം നൽകി. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാർ എംബസിയുമായി നിരന്തരം സമ്പർക്കം പുലർത്തണമെന്നും അധികൃതർ അറിയിച്ചു. കൂടുതൽ അറിയിപ്പ് ഉണ്ടാകുന്നത് വരെ ബംഗ്ലാദേശിലേക്ക് യാത്ര ചെയ്യരുതെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷനുമായി അടിയന്തര ഫോൺ നമ്പറുകൾ വഴി ബന്ധപ്പെടാനും നിർദേശിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&**

## OLYMPICS (INTRO)

പാരിസ് ഒളിമ്പിക്സിലെ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ വെങ്കല മെഡൽ പോരാട്ടത്തിനായി ഇന്നിറങ്ങും. ഇന്നലെ നടന്ന ഹോക്കി മത്സരത്തിൽ ബ്രിട്ടനെ പെനാൽറ്റി ഷൂടൗട്ടിൽ 4-2 ന് പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ഹോക്കി ടീം സെമിഫൈനലിൽ പ്രവേശിച്ചു. ഇന്ത്യൻ ടീമിൻറെ ഗോൾകീപ്പറും മലയാളിയുമായ പി ആർ ശ്രീജേഷിൻറെ മികച്ച പ്രകടനം ഇന്ത്യൻ സംഘത്തിന് കരുത്തേകി. പുരുഷന്മാരുടെ 100 മീറ്റർ സ്പ്രിന്റിൽ അമേരിക്കയുടെ നോഹ ലൈൽസ് മില്ലി സെക്കന്റുകളുടെ വ്യത്യാസത്തിൽ സ്വർണം നേടി. ഒളിമ്പിക്സ് വിശേഷങ്ങളുമായി **പാരീസിൽ നിന്ന് ആകാശവാണിക്ക് വേണ്ടി വി.ശിവകുമാർ.....**

(വോയിസ്)

**&&&&&&&&&&&&&&&&**

## INDIA– SRILANKA MATCH

ശ്രീലങ്കയ്ക്കെതിരായ രണ്ടാം ഏകദിനത്തിൽ ഇന്ത്യയ്ക്ക് തോൽവി. ടോസ് നേടി ബാറ്റിഗിനിറങ്ങിയ ശ്രീലങ്ക നിശ്ചിത ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 240 റൺസ് നേടി. മറുപടി ബാറ്റിംഗിൽ ഇന്ത്യ 208 റൺസിന് എല്ലാവരും പുറത്തായി. 10 ഓവറിൽ 33 റൺസ് വഴങ്ങി ആറു വിക്കറ്റെടുത്ത ജെഫ്രി വാൻഡെർസെയും 20 റൺസിന് മൂന്നു വിക്കറ്റ് വീഴ്ത്തിയ ക്യാപ്റ്റൻ ചരിത് അസലങ്കയുമാണ് ഇന്ത്യൻ ബാറ്റിംഗ് നിരയെ തകർത്തത്. മൂന്നാമത്തെ മത്സരം ബുധനാഴ്ച നടക്കും.

**&&&&&&&&&&&&&&&&**

## PM EX GRATIA

മധ്യപ്രദേശിലെ സാഗറിൽ മതിൽ തകർന്നുവീണുണ്ടായ അപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ അനുവദിച്ചു. പരിക്കേറ്റവർക്ക് അൻപതിനായിരം രൂപ നൽകും. സംഭവം ദുഃഖകരമാണെന്നും പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും ശ്രീ. മോദി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. മധ്യപ്രദേശിലെ സാഗർ ജില്ലയിൽ ഇന്നലെ മതിൽ ഇടിഞ്ഞുവീണ് ഒൻപത് കുട്ടികളാണ് മരിച്ചത്.

**&&&&&&&&&&&&&&&&**

## IMD – KOLKATA – FLOOD

മധ്യപ്രദേശ്, കിഴക്കൻ രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലും ഇടിമിന്നലോടു

കൂടിയ മഴ തുടരും. അതിനിടെ, പശ്ചിമ ബംഗാളിൽ കനത്ത മഴയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ദുർഗാപൂർ ബാരേജിൽ നിന്ന് വെള്ളം തുറന്ന് വിട്ട സാഹചര്യത്തിൽ നദിയുടെ കരകളിലുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ഫെറി സർവീസും നിർത്തി.

**&&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&**